"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2023-24 ബജറ്റ് പ്രവൃത്തി -**"പോത്തൻകോട് മാർക്കറ്റ് നവീകരണം"** എന്ന പ്രവൃത്തിയ്ക്ക് നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2409/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 605/2024/LSGD തീയതി 14.03.2024
3. 05.07.2025 തീയതിയിലെ ധനകാര്യ (ബജറ്റ് വിംഗ്-കെ) വകുപ്പിന്റെ 3182139/BW-K1/54/2025/FIN നമ്പർ കത്ത്

**ഉത്തരവ്**

2023-24 സാമ്പത്തികവർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തു പണികളുടെ വിശദവിവരങ്ങൾ -വാല്യം II-ൽ ക്രമ നം. **1972** ആയി, തദ്ദേശ സ്വയം ഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ **"പോത്തൻകോട് മാർക്കറ്റ് നവീകരണം"** എന്ന പ്രവൃത്തിയ്ക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2023-24 സാമ്പത്തികവർഷത്തെ ബജറ്റിൽ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ **556** ആയി ഉൾപ്പെടുത്തിയ "**വാവറ അമ്പലം-പാച്ചിറ റോഡ് കി മീ 0/000 മുതൽ 3/650 വരെ ബി.സി ഓവർലേ, ബി.എം & ബി.സി ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി**" എന്ന പ്രവൃത്തിക്ക് അനുവദിച്ച 200 ലക്ഷം രൂപ കൂടി **"പോത്തൻകോട് മാർക്കറ്റ് നവീകരണം"** എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച് ഭേദഗതി ഉത്തരവ് പുറപ്പെവിക്കണമെന്ന ബഹു. എം.എൽ.എ യുടെ 07.04.2025 ലെ കത്ത് സർക്കാരിൽ ലഭ്യമാകുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2023-24-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തു പണികളുടെ വിശദവിവരങ്ങൾ -വാല്യം II-ൽ ക്രമ നം. 1972 ആയി 20% തുക വകയിരുത്തി ഉൾപ്പെട്ടിട്ടുള്ള നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ **'പോത്തൻകോട് മാർക്കറ്റ് നവീകരണം'** എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 04-10-2025 12:46:49
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
4. ധനകാര്യ (വികസന) വകുപ്പ് (DEV-3/29/2024/FIN)
5. ധനകാര്യ (ബജറ്റ് വിംഗ്-കെ) വകുപ്പ് ( 05.07.2025 തീയതിയിലെ 3182139/ BW-K1/54/2025/FIN നമ്പർ കത്ത്)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി8. കരുതൽ ഫയൽ (ഡി.ബി1/386/2023/എൽ.എസ്.ജി.ഡി)